# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# പറവൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-EKM(BP) 1931/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 31/12/2022
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്– പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്‌തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്– പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-EKM(BP) 1931/22 തീയ്യതി: 31/12/2022

# <u>എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം

നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ.കെ.ജി | ജോയിന്റ് ഡയറക്ടർ | 25-10-2022 | 29-10-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2022 | 29-10-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ടെസി എം., ഓഡിറ്റ് ഓഫിസർ

സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

പുഷ്പ ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

ബെറ്റ്സി സി.എക്സ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സിംന സന്തോഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ലൈല.വി.എം | സെക്രട്ടറി | 01-04-2021 | 31-12-2021 |
| ശ്രീമതി പ്രിയ.പി.പി | സെക്രട്ടറി | 01-01-2022 | 28-02-2022 |
| ശ്രീമതി പ്രതീക്ഷ.പി.വി | സെക്രട്ടറി | 01-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിഷ.പി.ജി | അസിസ്റ്റന്റ് കൃഷി ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി ദിവാകരൻ | ശിശുവികസന പദ്ധതി ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീ തരുൺകുമാർ.വി.ആർ | വ്യവസായ വികസന ഓഫിസർ | 01-04-2021 | 31-03-2022 |
| ശ്രീമതി മഞ്ജു പി. വാസു | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ രതീഷ് ബാബു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ ബേബി മാത്യൂ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. പ്രീതി | മെഡിക്കൽ ഓഫീസർ. സി.എച്ച്.സി. ഏഴിക്കര | 01-04-2021 | 31-03-2022 |
| ഡോ. ശോഭ | മെഡിക്കൽ ഓഫിസർ,സി.എച്ച്.സി. മൂത്തകുന്നം | 01-04-2021 | 31-03-2022 |

--

# ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം തിരികെ ലഭ്യമായിട്ടില്ല | 1-10 |
| 12 | വേതനം രണ്ടുപ്രാവശ്യം നൽകി | 1-11 |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-12 |
| 14 | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) നടപ്പിലാക്കിയ പ്രോജക്ട് - അപാകതകൾ | 1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല | 1-14 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3


| | | |
|---|---|---|
| 1 | ഒരേ മാസത്തെ വേതനം രണ്ടു പ്രാവശ്യം നൽകി | 3-1 |


## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | | |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതിയുടെ 18.02.2021 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി.

| | ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് | യഥാർത്ഥ വരവ് ചെലവ് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | --- | 2849054 | 2849054 |
| വരവ് | 24,50,12,000 | 47828296 | 197183704 |
| ആകെ | 24,50,12,000 | 50677350 | 194334650 |
| ചെലവ് | 2,45,02,000 | 45228445 | 20726445 |
| നീക്കിയിരിപ്പ് | 5,10,000 | 5448905 | 4938905 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർത്ഥ വരവ്-ചെലവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 ധനകാര്യപത്രികയിലെ അപാകതകൾ

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

1. ധനകാര്യപത്രിക പ്രകാരം 31.03.2022 ൽ സിഎഫ്.സി അക്കൗണ്ടിൽ 2051232/-രൂപ നീക്കിയിരിപ്പ് കാണുന്നുണ്ട്. എന്നാൽ 289922010000065 യൂണിയൻ ബാങ്ക് അക്കൗണ്ടിൽ 2547560/-രൂപയാണ് കാണുന്നത് .ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി -1 ന് ലഭ്യമാക്കിയ 29.10.2022ലെ മറുപടിയിൽ മൂന്ന് ചെക്കുകൾ എൻക്യാഷ് ചെയ്യാത്തതിനാലാണ് നീക്കിയിരിപ്പ്

വ്യത്യാപ്പെട്ടിരിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

**2.** ധനകാര്യപത്രിക പ്രകാരം B-11 ഷെഡ്യൂളിൽ 410710102 ഹെഡിൽ വാഹനം 1347085 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 411500101 ഹെഡിൽ 1103923/-രൂപ ഡിപ്രീസിയേഷൻ ഇനത്തിൽ കാണിച്ചിട്ടുണ്ട്. വാഹനങ്ങളുടെ മൂല്യം Under Value ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് ക്രമപ്പെടുത്തേണ്ടതാണ്.

**3.** തൻവർഷം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി 2963520/- രൂപ സി.എഫ്.സി ഫണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂറായി നൽകിയിരുന്നു. എന്നാൽ ധനകാര്യപത്രിക പ്രകാരം മേൽ തുക മുൻകൂറായി കാണിച്ചിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 01-06-2022 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28,49,054 |
| ഓഡിറ്റ് വർഷത്തെ വരവ് | 4,78,28,296 |
| ആകെ | 5,06,77,350 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,52,28,445 |
| നീക്കിയിരിപ്പ് | 54,48,905 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,300 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,63,520 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17687000 | 17687000 | 16698096 | 0 | 988904 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 10190000 | 10190000 | 9224738 | 0 | 965262 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 271000 | 271000 | 271000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6164856 | 6164856 | 3975517 | 0 | 2189339 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) ACR പ്രകാരം | --- | 6485590 | 6485590 | 3010268 | 3475322 | 0 |
| ടൈഡ് ഫണ്ട് | --- | 3580135 | 3580135 | 3534889 | 45246 | 0 |
| **കേന്ദ്രാവിഷ്കൃതഫണ്ട്-** | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 320100110<br>Indira Awas Yojana | 26,937 | 441694 | 468631 | 0 | 0 | 468631 |
| **സംസ്ഥാനാവിഷ്കൃതഫണ്ട്-** | | | | | | |
| 320100115<br>ടോട്ടൽ സാനിറ്റേഷൻ | 18,19,303 | 90,069 | 19,09,372 | 46,236 | 0 | 18,63,136 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ACR പ്രകാരമുള്ള തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിൽ പലിശ, ചെലവഴിക്കാത്ത ചെക്കുകൾ, എന്നിവ ഉൾപ്പെടെയുള്ള നീക്കിയിരിപ്പ് ആണ് 2051232/- (450410103).

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 63 | 63903128 | 50 | 37730082 | 12 | 01 | 79.36% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | 948179 | 948179 | 948179 | - |
| ഗുണഭക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | - | - | - | - |

| | | | | | |
|---|---|---|---|---|---|
| ആകെ | | 948179 | 948179 | 948179 | |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ധനകാര്യ പത്രികയിൽ ടി ചെലവ് ഉൾപ്പെടുത്തിയതായി കാണുന്നില്ല.

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.10.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലായെന്നും നീക്കിയിരുപ്പില്ലെന്നും പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ പല വർക്കുകളുടേയും നോട്ട്ഫയൽ തയ്യാറാക്കിയതായി കാണുന്നില്ല. ബിൽഡിംഗ് നിർമ്മാണം തുടങ്ങിയ പദ്ധതികൾ തുടർവർഷങ്ങളായിട്ടാണ് തുക ചെലവഴിച്ചിരിക്കുന്നത്. ആയത് പരിശോധിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തൻവർഷം ആകെ 11 വർക്കുകളും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 1 വർക്കുമാണ് നടപ്പാക്കിയിരിക്കുന്നത്. നടപ്പാക്കിയ വർക്കുകളുടെ എണ്ണം വളരെ കുറവാണെങ്കിലും ഫയലുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ എല്ലാം നടത്തി സൂക്ഷിച്ചിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.06.2022 മുതൽ 27.06.2022 വരെ | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.03.2022 മുതൽ 09.03.2022 വരെ | 2017-18 മുതൽ 2021-22 വരെ | 27.04.2022 |

## 1-10 സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം തിരികെ ലഭ്യമായിട്ടില്ല

സാക്ഷരതാ പ്രേരക് മാരുടെ 2020ഡിസംബർ മുതലുള്ള ഓണറേറിയം സാക്ഷരതാ മിഷൻ പിന്നീട് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥയോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽനിന്നും നൽകുന്നതിന് 26.2.2021 -ലെ 626/2021/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പറവൂർ ബ്ലോക്കിൽ സാക്ഷരതാ നോഡൽ പ്രേരക് ശ്രീമതി ബിന്ദു കെ.ബി.-ക്ക് 2020ഡിസംബർ മുതൽ മാർച്ച് 2021 വരെയുള്ള ഓണറേറിയം താഴെപ്പറയുന്ന പ്രകാരം നൽകിയിട്ടുണ്ട്.

| ചെക്ക് നമ്പർ , തീയതി | തുക | മാസങ്ങൾ |
|---|---|---|
| 2826813/3.4.21 | 20,500 | 12/20 & 1/21 |
| 2826816/21.4.21 | 11,500 | 2/21 |
| 4956041/11.5.21 | 12,500 | 3/21 |

ഇപ്രകാരം നൽകിയ തുക സാക്ഷരതാ മിഷനിൽനിന്നും തിരികെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി തനത് ഫണ്ടിൽ തിരിച്ചടവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>1-11 വേതനം രണ്ടുപ്രാവശ്യം നൽകി</u>**

കണ്ടിജന്റ് ബിൽ 146/21-22 പ്രകാരം 22,800/- രൂപ (ചെക്ക് നമ്പർ 3740115) 18.1.22 -ൽ മൂത്തകുന്നം സി.എച്ച്.സി.- യിലെ ലാബ് അസിസ്റ്റന്റുമാരുടെ 1/21, 5/21, 7/21 എന്നീ മാസങ്ങളിലെ വേതനമായി മൂത്തകുന്നം മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഇതിൽ ശ്രീമതി റംസി ഇ.എം. എന്ന ലാബ് അസിസ്റ്റന്റിന് 1/21, 5/21 എന്നീ മാസങ്ങളിലെ വേതനം 300/- രൂപ നിരക്കിൽ നൽകിയിട്ടുള്ളത് ഉൾപ്പെടുന്നു.

കണ്ടിജന്റ് ബിൽ 137/20-21 പ്രകാരം 2,00,000/- രൂപ ചെക്ക് നമ്പർ 2826803/26.2.21 ആയി 2020-21 സാമ്പത്തിക വർഷത്തിൽ താൽക്കാലിക ലാബ് അസിസ്റ്റന്റിന്റെയും ഡോക്ടറുടെയും വേതനമായി മൂത്തകുന്നം മെഡിക്കൽ ഓഫീസർക്ക് നേരത്തെ നൽകിയിട്ടുണ്ട്. ഈ തുക 2021 ജനുവരിയിലേതാണ് എന്ന് കണ്ടിജന്റ് രജിസ്റ്റർ പ്രകാരം വ്യക്തമാണ്. വീണ്ടും ശ്രീമതി റംസി ഇ.എം.-ന് 2021 ജനുവരിയിലെ വേതനം എന്ന് കാണിച്ച് ചെക്ക് നമ്പർ 3740115/18.1.22 ആയി മെഡിക്കൽ ഓഫീസർക്ക് 9,300/- രൂപ നൽകിയിട്ടുള്ളതായി കാണുന്നു. . ഒരു മാസത്തെ വേതനം തന്നെ രണ്ടു പ്രാവശ്യം നൽകിയതിനാൽ ഈയിനത്തിൽ രണ്ടാമത് നൽകിയ 9,300/- രൂപ നിരാകരിക്കുന്നു. വിശദവിവരങ്ങൾ ഭാഗം 3 - ൽ

ചേർത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് 28.10.2022ൽ 3-ാം നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ ബിൽ പ്രകാരമുള്ള തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടച്ച എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീമതി റംസിക്ക് തുക നൽകിയിട്ടുള്ളത് തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ, തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നമ്പർ | പേര് | തുക |
|---|---|---|
| SO 060/22 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | **1.** PFMS Ref. No. 0046EATPAYREQ 1403202212189 Dated 22.03.2022 - ₹ 24,69,600/-<br>(Bank Ref. No. EAI/CPSMS R 032202648257)<br>**2.** PFMS Ref. No. 0046EATPAYREQ 2603202238450 Dated 06.04.2022 - ₹ 4,93,920/-<br>(Bank Ref. No. EAI/CPSMS R 032203979402)<br>**Total - ₹ 29,63,520/-** |

പറവൂർ ബ്ലോക്ക് പഞ്ചായത്തും കേരളാ വാട്ടർ അതോറിറ്റി, ആലുവ PH ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ 26/02/2022 ൽ ചമച്ച കരാറിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി 2022 മാർച്ച് മാസത്തിൽ ആരംഭിച്ച് 2022 ഓഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കുന്നതാണെന്ന് ചേർത്തിട്ടുണ്ട്. എന്നാൽ ഇതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റും, ധനവിനിയോഗ സാക്ഷ്യ പത്രവും ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് 29.10.2022ലെ ഓഡിറ്റ് എൻക്വയറി നം.9ന് നല്കിയ മറുപടിക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1–13 അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) നടപ്പിലാക്കിയ പ്രോജക്ട് – അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 92/21–22 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷകേരളം ഗ്രൂപ്പുകൾക്ക് പച്ചക്കറിതൈ വിതരണം. |
| അടങ്കൽ തുക | രൂ.1,00,000/– (പ്ലാൻ ഫണ്ട് ) |
| ചെലവ് | രൂ.1,00,000/– |
| ബിൽ നം./തീയതി | 1/21–22 തീ.28.01.2022 |

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 5 ഗ്രാമപഞ്ചായത്തുകളിലെ, പച്ചക്കറി കൃഷിയിൽ താൽപര്യമുള്ള, വിവിധ ഗ്രൂപ്പുകൾക്ക് സൗജന്യമായി പച്ചക്കറിതൈകൾ വിതരണം ചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന ടി പ്രോജക്ടിൽ, ഗുണഭോക്തൃ ഗ്രൂപ്പുകളെ ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴിയാണ് തിരഞ്ഞെടുക്കേണ്ടത്. എന്നാൽ ഗ്രാമസഭ വഴി തിരഞ്ഞെടുത്ത ഗുണഭോക്തൃഗ്രൂപ്പുകൾക്ക് പച്ചക്കറിതൈകൾ വിതരണം ചെയ്യാതെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ 10 മേറ്റുകൾക്കായി പച്ചക്കറിതൈകൾ വിതരണം ചെയ്തു. മറ്റ് ഗ്രാമപഞ്ചായത്തുകളുടെ ഏതെല്ലാം ഗുണഭോക്തൃ ഗ്രൂപ്പുകൾക്കാണ് പച്ചക്കറിതൈ വിതരണം ചെയ്തിരിക്കുന്നതെന്നും ഓരോ ഗ്രൂപ്പിനും സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണോ തൈകൾ വിതരണം ചെയ്തിരിക്കുന്നതെന്നുമുള്ള വിവരങ്ങളും, ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തിരഞ്ഞെടുത്ത് അംഗീകരിച്ച ഗുണഭോക്തൃഗ്രൂപ്പുകളുടെ ഗുണഭോക്തൃ ലിസ്റ്റും പരിശോധനക്കായി ലഭ്യമാക്കിയില്ല.

ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് (4/28.10.22), അഞ്ച് ഗ്രാമപഞ്ചായത്തുകളിലായി 50 ഗ്രൂപ്പുകൾക്ക് 1000 എണ്ണം പച്ചക്കറിതൈകൾ വിതരണം ചെയ്തുവെന്നും, ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ ഗ്രൂപ്പുകൾക്ക് വേണ്ടിയാണ് 10 മേറ്റുമാർക്ക് പച്ചക്കറിതൈ വിതരണം ചെയ്തതെന്നും, ടി തൈകൾ കൈപ്പറ്റി കൃഷി ചെയ്ത ഗ്രൂപ്പുകളുടെ വിവരങ്ങൾ ഹാജരാക്കാമെന്നും, ഗ്രാമസഭകൾ വഴി തിരഞ്ഞെടുത്ത് അംഗീകരിച്ച ഗ്രൂപ്പുകളുടെ ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കാമെന്നും മറുപടി നൽകിയിട്ടുണ്ട്.

അഞ്ച് ഗ്രാമപഞ്ചായത്തുകളിലെയും ഗ്രാമസഭ വഴി തിരഞ്ഞെടുത്ത് അംഗീകരിച്ച ഗ്രൂപ്പുകളുടെ ഗുണഭോക്തൃ ലിസ്റ്റും , പച്ചക്കറിതൈകൾ കൈപ്പറ്റിയ ഗുണഭോക്തൃഗ്രൂപ്പുകളുടെ സ്ഥലവിസ്തൃതിയും, മറ്റ് വിശദവിവരങ്ങളും ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കുന്നതു വരെ, ചെലവ് തുകയായ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14 ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല

പറവൂർ നഗരസഭയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന നിർമ്മാണങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് വിവരം | ചെലവഴിച്ച തുക |
|---|---|---|
| 1 | ഗോതുരുത്ത് ഗ്രാമീണ വായനശാല റിനവേഷൻ സ്ഥിൽ ഓവർ പ്രോജക്ട് | 8,41,227 |
| 2 | കാഞ്ഞിരക്കാട് ലിങ്ക് റോഡും കാനയും (വാർഡ്-1) | 4,74,053 |
| 3 | കോട്ടുവള്ളിക്കാട് ആറാട്ടുകടവ് റോഡ് കോൺക്രീറ്റിംഗ് | 1,77,346 |
| 4 | വനിത സംരംഭക യൂണിറ്റ് കെട്ടിടം | 16,85,090 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-2ന് ലഭ്യമാക്കിയ മറുപടിയിൽ ആസ്തികൾ നിലവിലുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്, എന്നാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടുത്തിയതായി കാണുന്നില്ല. ആസ്തി രജിസ്റ്ററിൽ മേൽ ആസ്തികൾ ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഒരേ മാസത്തെ വേതനം രണ്ടു പ്രാവശ്യം നൽകി

കണ്ടിജന്റ് ബിൽ 146/21-22 പ്രകാരം 22,800/- രൂപ (ചെക്ക് നമ്പർ 3740115) 18.1.22 -ൽ മൂത്തകുന്നം സി എച്ച് സി - യിലെ ലാബ് അസിസ്റ്റന്റുമാരുടെ 1/21, 5/21, 7/21 എന്നീ മാസങ്ങളിലെ ദിവസ വേതനമായി മൂത്തകുന്നം മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. ഇതിൽ ശ്രീമതി റംസി ഇ എം എന്ന ലാബ് അസിസ്റ്റന്റിന് താഴെപ്പറയുന്ന രീതിയിൽ 1/21, 5/21 എന്നീ മാസങ്ങളിലെ വേതനം 300/- രൂപ നിരക്കിൽ നൽകിയിട്ടുള്ളത് ഉൾപ്പെടുന്നു.

| മാസം | ജോലി ചെയ്ത ദിവസങ്ങൾ | തുക |
|---|---|---|
| 2021 ജനുവരി | 31 | 9,300 |
| മെയ് 2021 | 14 | 4,200 |

കണ്ടിജന്റ് ബിൽ 137/20-21 പ്രകാരം 2,00,000/- രൂപ ചെക്ക് നമ്പർ 2826803/26.2.21 ആയി 2020-21 സാമ്പത്തിക വർഷത്തിൽ താൽക്കാലിക ലാബ് അസിസ്റ്റന്റിന്റെയും ഡോക്ടറുടെയും വേതനമായി മൂത്തകുന്നം മെഡിക്കൽ ഓഫീസർക്ക് നേരത്തെ നൽകിയിട്ടുണ്ട്. ഈ തുക 2021 ജനുവരിയിലെ വേതനമാണ് എന്ന് കണ്ടിജന്റ് രജിസ്റ്റർ പ്രകാരം വ്യക്തമാണ്. വീണ്ടും ശ്രീമതി റംസി ഇ.എം.-ന് 2021 ജനുവരിയിലെ വേതനം എന്ന് കാണിച്ച് ചെക്ക് നമ്പർ 3740115/18.1.22 ആയി മെഡിക്കൽ ഓഫീസർക്ക് 9,300/- രൂപ ഉൾപ്പെടുത്തി തുക നൽകിയിട്ടുള്ളതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നമ്പർ 3 ആയി 28.10.22- ൽ സെക്രട്ടറിക്കും മെഡിക്കൽ ഓഫീസർക്കും നൽകിയ എൻക്വയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ മേൽപ്പറഞ്ഞ 2,00,000/- രൂപ മെഡിക്കൽ ഓഫീസർ ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടച്ചു എന്ന് 19.03.2022ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലാബ് അസിസ്റ്റിന്റിന്റെ വേതനം നൽകിയത് തിരികെ ഈടാക്കിയതിന്റെ രേഖകൾ ഇല്ല. ഈ തുക ബന്ധപ്പെട്ട വ്യക്തികളുടെ അക്കൌണ്ടിലേക്ക് കൈമാറാതെ ബ്ലോക്ക് പഞ്ചായത്തിൽനിന്നും മെഡിക്കൽ ഓഫീസർക്ക് കൈമാറുന്നതായാണ്

കാണുന്നത്. ടിയാളുകളുടെ കൈപ്പറ്റ് രസീതും ഫയലിൽ ഇല്ല. ഒരു മാസത്തെ വേതനം തന്നെ രണ്ടു പ്രാവശ്യം നൽകിയതിനാൽ ഈയിനത്തിൽ രണ്ടാമത് നൽകിയ 9,300/- രൂപ നിരാകരിക്കുന്നു. മൂത്തകുന്നം മെഡിക്കൽ ഓഫീസറുടെ ആവശ്യപ്രകാരമാണ് തുക നൽകിയിട്ടുള്ളതെന്നതിനാൽ ഈ തുക മൂത്തകുന്നം മെഡിക്കൽ ഓഫീസറിൽ നിന്നും സെക്രട്ടറി തിരികെ ഈടാക്കേണ്ടതാണ്.

കൂടാതെ ശ്രീമതി റംസി 31.3.2021 - ന് പ്രസവവുമായി ബന്ധപ്പെട്ട് അവധിയിൽ പ്രവേശിച്ചിട്ടുണ്ട്. ടിയാളുടെ കരാർ അവസാനിക്കുന്ന തീയതിയായ 14.5.2021 വരെ ടിയാൾക്ക് GO(P) No. 2/2021, Fin Dated 04.01.2021 ഉത്തരവ് പ്രകാരമുള്ള വേതനമായി 4,200/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത് കരാർ ജീവനക്കാരുടെ അവധി, ശമ്പളം തുടങ്ങിയവ സംബന്ധിച്ചാണ്. ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ടിയാൾക്ക് ഈ ഉത്തരവ് പ്രകാരമുള്ള കരാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ അനുവദനീയമല്ല. തന്നെയുമല്ല ഒരു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ പ്രതീക്ഷിത പ്രസവത്തീയതിക്ക് മൂന്ന് ആഴ്ച മുൻപ് ഈ അവധി അനുവദനീയമല്ല. ടിയാളുടെ അവധി സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ ഫയലിൽ ഇല്ല.

ശ്രീമതി റംസി ഇ.എം.-നെ നിയമിച്ചിരിക്കുന്നത് മൂത്തകുന്നം മെഡിക്കൽ ഓഫീസറുടെ 31.5.2018 - ലെ 148/18 നമ്പർ ഉത്തരവ് പ്രകാരം താൽക്കാലികമായാണ്. ഇപ്രകാരം 2018-ൽ ടിയാളെ നിയമിച്ചിരിക്കുന്നത് സർക്കാർ ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന സ്ഥിരതസ്തികയിൽ ലാബ് അസിസ്റ്റന്റ് ഇല്ലാതിരുന്ന സാഹചര്യത്തിൽ ആണോ എന്നത് സംബന്ധിച്ചും അതല്ലായെങ്കിൽ ടിയാളെ നിയമിക്കുന്നതിന് ആധികാരികമായ ഉത്തരവ് സംബന്ധിച്ചും വിശദീകരണം നൽകണമെന്നും ഓഡിറ്റ് എൻക്വയറി (നമ്പർ 3 തീയതി 28.10.2022) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

## 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2021-22 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എറണാകുളം ജില്ലാപഞ്ചായത്ത് | 2021-22 | 4,50,000 | പി.എം.എ.വൈ ഷെയർ | 4,50,000 | **0** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിട്ടി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - 60/21-22 | 285/19.03.2022 | 2469600 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 2469600 |
| | | 324/29.03.2022 | 493920 | | 493920 |
| | | **ആകെ** | **2963520** | | **2963520** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

**4–6 സ്ഥിര നിക്ഷേപം**

ഇല്ല

**4–7 ഓഡിറ്റ് റിക്കവറി**

ഇല്ല

**4–8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002–03 | 3–6 | 2007–08 | 3.46.1 | വനിത SHGക്ക് RF നൽകിയത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

**4–9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4–10 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,78,28,296 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,52,28,445 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,300 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,63,520 |

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.</u>**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 3-1 | 9,300 | പ്രിയ പി.പി., സെക്രട്ടറി, പറവൂർ ബ്ലോക്ക് പഞ്ചായത്ത് |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 1-12 | 29,63,520 | പ്രതീക്ഷ പി.വി., സെക്രട്ടറി, പറവൂർ ബ്ലോക്ക് പഞ്ചായത്ത് |
| 1-13 | 1,00,000 | ജിഷ പി.ജി., കൃഷി അസി. ഡയറക്ടർ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>**

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1. | പ്രിയ.പി.പി.<br>സെക്രട്ടറി<br>പറവൂർ ബ്ലോക്ക് പഞ്ചായത്ത് | ബി.ഡി.ഒ.,<br>ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | കല്ലുപുറത്ത് വീട്,<br>ആളത്തുരുത്ത്<br>വടക്കേക്കര ഗ്രാമപഞ്ചായത്ത് |
| 2. | പ്രതീക്ഷ പി.വി.,<br>സെക്രട്ടറി,<br>പറവൂർ ബ്ലോക്ക് പഞ്ചായത്ത് | ബി.ഡി.ഒ.,<br>പറവൂർ ബ്ലോക്ക് പഞ്ചായത്ത് | ചെറിയപ്പിള്ളി<br>കൈതാരം<br>വടക്കൻ പറവൂർ |
| 3. | ജിഷ പി.ജി.,<br>കൃഷി അസി. ഡയറക്ടർ | കൃഷി അസി. ഡയറക്ടർ<br>വടക്കൻ പറവൂർ | കരീപ്പാടത്ത് (H)<br>കുന്നമംഗലം (പി.ഒ.)<br>കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2002-03 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2014-15 & 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി.പി)1310/2019 തീ.03.10.2019 |
| 2017-18 | കെ.എസ്.എ.-ഇകെഎം (ബി.പി)256/2019 തീ.11.07.2019 |
| 2018-19 | കെ.എസ്.എ.-ഇകെഎം (ബി.പി)1688/2019 തീ.16.11.2019 |
| 2019-20 | കെ.എസ്.എ.-ഇകെഎം (ബി.പി)957/2020 തീ.10.08.2021 |
| 2020-21 | കെ.എസ്.എ.-ഇകെഎം (ബി.പി)551/2022 തീ.03.07.2022 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്